പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് സി ഡി എസ്സ്

# കോവിഡ് കാല പ്രവർത്തന റിപ്പോർട്ട്

# ആമുഖം

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്കിലാണ് പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് ഉൾപ്പെടുന്നത്.ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയെ ആശ്രയിച്ചു കഴിയുന്ന ഈ ഗ്രാമത്തിന്റെ മുഖ്യവരുമാനമാർഗ്ഗവും കൃഷിയാണ്.പോത്താനിക്കാട് ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സി ഡി എസ് 2002 ൽ ആണ് പ്രവർത്തനം ആരംഭിച്ചത്.

പതിമൂന്നു എ ഡി എസ്സുകളിലുമായി 99 അയൽക്കൂട്ടങ്ങളാണ് നിലവിലുള്ളത്.ഇതിൽ 1265 അംഗങ്ങളും ഉൾപ്പെടുന്നു.കൂടാതെ 155 വയോജന അംഗങ്ങളെ ഉൾപ്പെടുത്തി കൊണ്ട് 13 വയോജന അയൽക്കൂട്ടങ്ങളും 1 സ്പെഷ്യൽ അയൽക്കൂട്ടവും പ്രവർത്തനം നടത്തുന്നു. 22 ബാലസഭകളും 85 സംഘ കൃഷി ഗ്രൂപ്പുകളും 33 സൂക്ഷ്മ സംരംഭ യുണിട്ടുകളുമായി മികച്ച രീതിയില്ലുള്ള പ്രവർത്തനങ്ങൾ ആണ് ഈ സി ഡി എസ്സ് നടത്തുന്നത്.

മികച്ച പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുമ്പോഴാണ് കോവിഡെന്ന മഹാവ്യാധി ലോകത്തെയാകെ പിടിച്ചുകുലുക്കുന്നത്. ലോകത്തിന്റതന്നെ സമ്പത്ത് വ്യവസ്ഥയെ തകിടം മറിച്ച ഈ സാഹചര്യത്തിൽ കൃഷിയും മറ്റ് ചെറുകിട വ്യവസായങ്ങളും കൊണ്ട് മാത്രം ജീവിതം മുന്നോട്ടു കൊണ്ടുപോകുന്ന സാധാരണകാരായ ഈ ഗ്രാമത്തിലെ ആളുകളെയും ഈ വിപത്ത് സാരമായി ബാധിച്ചു.മാനസികമായും സാമ്പത്തികമായും തകർന്നിരുന്ന ഈ അവസ്ഥയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനവും ആരോഗ്യമേഖലയും നടത്തിയ ജാഗ്രതയോടെയുള്ള പ്രതിരോധപ്രവർത്തനങ്ങളിൽ ഭാഗമായതോടൊപ്പം കുടുംബശ്രീ മിഷൻ നൽകിയ നിർദേശങ്ങളുടെ ചിട്ടയായ പ്രവർത്തനങ്ങളും കാഴ്ചവെക്കാൻ സി ഡി എസ്സ്നു സാധിച്ചു.

# കോവിഡുക്കാല പ്രവർത്തനങ്ങൾ

## സമൂഹ അടുക്കള

കോവിഡിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ ഒരാൾ പോലും പട്ടിണി കിടക്കരുതെന്ന സർക്കാരിന്റെ നിർദേശ പ്രകാരമാണ് എല്ലാ പഞ്ചായത്തുകളിലും സമൂഹ അടുക്കള ആരംഭിച്ചത്.പോത്താനിക്കാട് പഞ്ചായത്തിൽ സമൂഹ അടുക്കള ആരംഭിച്ചപ്പോൾ എല്ലാ പ്രവർത്തനങ്ങളിലും ഒരുമിച്ച് നിന്ന് സഹകരിച്ചത് സി ഡി എസ്സ് അംഗങ്ങളും കുടുംബശ്രീ പ്രവർത്തകരും ആയിരിന്നു.27/3/2020 ന്ആരഭിച്ച സമൂഹ അടുക്കളയിൽ നിന്ന് ദിവസവും ഏകദേശം 20 ആളുകൾക്ക് രണ്ട് നേരം ഭക്ഷണം നൽകി.പഞ്ചായത്തിന്റെ സഹായത്തോടെ ആരോരുമില്ലാത്തവർ,ഭക്ഷണം വാങ്ങാൻ വഴിയില്ലാത്തവർ എന്നിവരെ കണ്ടെത്തി സൗജന്യമായും ഹോട്ടൽ സംവിധാനങ്ങൾ ഇല്ലാത്തത് കൊണ്ട് മറ്റുള്ളവർക്ക് 20/25 രൂപ നിരക്കിലും ഭക്ഷണം നൽകി.കുടുംബശ്രീ പ്രവർത്തകരായ 4 അംഗങ്ങളാണ് ഭക്ഷണം തയ്യാറാക്കുന്നതിനായി പ്രധാനമായും ഉണ്ടായിരുന്നത് സി ഡി എസ് ചെയർപേർസൺ ,സി ഡി എസ്സ് മെംബേർസ് ,വാർഡ് മെംബേർസ് എന്നിവരും പൂർണമയും ഈ സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളായി. വിഷു ,ഈസ്റർ ദിവസങ്ങളിൽ പായസമുൾപ്പെടെയുള്ള സ്പെഷ്യൽ വിഭവങ്ങൾ അടങ്ങിയ ഭക്ഷണവും തയ്യാറാക്കി നൽകി .സമൂഹ അടുക്കളയിൽ പ്രവർത്തിച്ചവർക്ക് പിന്നീട് നൽകാൻ അനുവദിച്ചിരിക്കുന്ന തുക വരുമാനം മുടങ്ങിയ ഈ അംഗങ്ങൾക്ക് ഒരു സഹായവുമായി.അടുക്കളയുടെ നല്ല പ്രവർത്തനങ്ങൾക്കായി പച്ചകറികളും മറ്റ് സാമ്പത്തിക സഹായവുമായി അയൽക്കൂട്ട അംഗങ്ങളും കൂടെ ഉണ്ടായിരുന്നു.

വിഷു ഈസ്റർ ആഘോഷങ്ങൾ മുന്നിൽകണ്ട് കൃഷി ഇറക്കിയ പലരും കോവിഡിന്റെ വ്യാപനത്തിൽ വിപണി കണ്ടെത്താനാകാതെ വിഷമിച്ചു.ഈ സമയം സമൂഹ അടുക്കളയിൽ ഭക്ഷണം തയ്യാറാക്കുന്നതിനായി 12 ജെ എൽ ജി ഗ്രൂപ്പുകളിൽ നിന്നായി ചീര, വഴുതന ,പയർ,വെള്ളരി തുടങ്ങി ഏകദേശം 140 കിലോയോളം പച്ചക്കറികൾ നൽകി.




## മാസ്ക്ക് നിർമാണം

കോവിഡിന്റെ  കടന്നു വരവോടെ മാസ്ക്ക് നമ്മുടെ നിത്യ ജീവിതത്തിന്റെ ഭാഗമാകുകയാണ്. ഈ അവസരത്തിൽ മാസ്ക് നിർമാണത്തിലും അതിന്റെ വിപണനത്തിലും സാധ്യത കൂടുകയാണ്. നിലവിൽ സ്വപ്ന യൂണിറ്റും മിത്ര തയ്യൽ യൂണിറ്റും ബ്യൂട്ടി തയ്യൽ യൂണിറ്റുകളുംമാണ് മാസ്സ്ക് നിർമാണത്തിൽ പോത്താനിക്കാട് സിഡിഎസ്സിൽ പ്രവർത്തിക്കുന്നത്.പഞ്ചായത്തിലേക്കും ആശുപത്രികളിലേക്കും മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലേക്കുമാണ്  ഇപ്പോൾ വിപണനം നടത്തുന്നത്. വ്യക്തിഗതമായും പല അംഗങ്ങളും മാസ്ക് നിർമാണത്തിലേക്ക് തിരിഞ്ഞിട്ടുണ്ട്. സന്നദ്ധ പ്രവർത്തനങ്ങളുടെ  ഭാഗമായി സൗജന്യമായി മാസ്ക് വിതരണം നടത്തുന്നവരും ഈ കൂട്ടത്തിലുണ്ട്. വരുമാനം നിലച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ മാസ്ക് നിർമാണത്തിലെ സാദ്ധ്യതകൾ മുന്നിൽകണ്ട് പല യൂണിറ്റുകളും അവരുടെ പ്രവർത്തനങ്ങൾ ശക്തിപെടുത്താനുള്ള ഒരുക്കത്തിലാണിപ്പോൾ,കൂടെ പൂർണ പിന്തുണയുമായി സി ഡി എസ്സും.





## മുഖ്യമന്ത്രി സഹായഹസ്തം വായ്പ പദ്ധതി

സാമ്പത്തിക ഭദ്രത താളം തെറ്റിയ പാവപെട്ട കുടുംബങ്ങൾക്ക് കൈത്താങ്ങായി സർക്കാർ പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പലിശ രഹിത വായ്പ പദ്ധതിയിൽ നിന്ന് പോത്താനിക്കാട് സി ഡി എസ്സ് വഴി 52 ലക്ഷത്തോളം രൂപയാണ് അംഗങ്ങളിലേക്ക് എത്താൻ പോകുന്നത് .58 അയൽക്കൂട്ടങ്ങളിൽ നിന്നായി 505 ആളുകളാണ് ലോണിനായി അപേക്ഷ നൽകിയിട്ടുള്ളത്. അപേക്ഷകൾ പൂർണമായും സി ഡി എസ്സിൽ എത്തുകയും അവയുടെ പരിശോധനകൾക്ക് ശേഷം ബാങ്കിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് .അംഗങ്ങളുടെ ആവശ്യവും അവസ്ഥയും കണ്ടറിഞ്ഞ സി ഡി എസ്സ് അർഹതയുള്ള എല്ലാവർക്കും ലോൺ ലഭിക്കുന്നുണ്ടെന്നു ഉറപ്പു വരുത്തി.

## വാട്ട്സാപ്പ് കൂട്ടായ്മ

ലോക്ക്ഡൌണില്ലേക്ക് ജീവിതം മാറിയപ്പോൾ സംഘടനയുടെ പ്രവർത്തനങ്ങൾ കൃത്യമായി താഴെക്കിടയിലേക്ക് എത്തിക്കാൻ വേണ്ടിയാണു ആദ്യഘട്ട പ്രവർത്തനം എന്ന നിലയിൽ വാട്ട്സാപ്പ് ഗ്രൂപ്പുകൾ രൂപികരിക്കാൻ തുടങ്ങിയത്. സി ഡി എസ്സിനും എ ഡി എസ്സിനും അയൽക്കൂട്ടതലത്തിലും ഇപ്പോൾ ഗ്രൂപ്പുകൾ സജീവമായുണ്ട്.

| തലം | ആകെ | ഗ്രൂപ്പുകൾ എണ്ണം | ആകെ അംഗങ്ങൾ |
|---|---|---|---|
| സി ഡി എസ്സ് | | 2 | 70 |
| എ ഡി എസ്സ് | 13 | 13 | 210 |
| അയൽക്കൂട്ടങ്ങൾ | 99 | 56 | 655 |

അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ എല്ലാവരിലേക്കും എത്താൻ ഈ ഗ്രൂപ്പുകൾ സഹായിക്കുന്നു.

# ജില്ലാ മിഷന്റെ തനത് പ്രവർത്തനങ്ങൾ

- സൈബർ അരങ്ങ്

അയൽക്കൂട്ടംഗങ്ങളുടെ കഴിവുകൾ കണ്ടെത്തുന്നതിനായി ജില്ല മിഷൻ സംഘടിപ്പിച്ച വാട്ട്സ് അപ്പ് മത്സരം വളരെ ആവേശത്തോടെയാണ് പോത്താനിക്കാട് സി ഡി എസ്സിലെ അംഗങ്ങൾ സ്വീകരിച്ചത്. നല്ല പാട്ടുകാരി,എന്റെ കവിത ,ചിത്രം വിചിത്രം തുടങ്ങിയ മത്സര ഇനങ്ങളിൽ എല്ലാം അംഗങ്ങൾ പങ്കെടുത്തു.ചിത്രം വിചിത്രം മത്സരത്തിൽ ബ്ലോക്ക് തലത്തിൽ സി ഡി എസ്സ് ചെയർപേർസൺ ശ്രീമതി മഞ്ജു സാബു ഒന്നാം സ്ഥാനം നേടി സി ഡി എസ്സ്നു അഭിമാനമായി.

.

- പച്ചക്കറി ചലഞ്ജ്

ലോക്ക് ഡൌൺ സമയത്ത് കുടുംബശ്രീ ജില്ല മിഷൻ നടത്തിയ മറ്റൊരു പ്രോഗ്രാം ആയിരുന്നു പച്ചക്കറി ചലഞ്ജ് .വെറുതെ കളയുന്ന സമയത്തിൽ പച്ചക്കറികൾ നടാനും പരിപാലിക്കാനും അത് വീഡിയോ ആക്കി മറ്റുള്ളവർക്ക് മാതൃകയാക്കാൻ സാധിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ അംഗങ്ങളിൽ നിന്നുമുണ്ടായി.

- ഞാനും എന്റെ മുത്തശ്ശിയും

ബാലസഭ കുട്ടികൾ മുത്തശ്ശിയും മുത്തശ്ശനുമായി ഇടപെഴുകുന്ന ഷോർട്ട് ഫിലിം തയ്യാറാകുന്ന മത്സരമായിരുന്നു " ഞാനും എന്റെ മുത്തശ്ശിയും". സി ഡി എസ്സിലെ ബാലസഭാ കുട്ടികളിൽ നിന്നും മികച്ച പ്രതികരണമാണ് ഈ മത്സരത്തിലും ഉണ്ടായത്.

- ജാക്ക് ഫ്രൂട്ട് ചലഞ്ജ്

ജില്ല മിഷൻ ഒരുക്കിയ മറ്റൊരു മത്സരമായിരുന്നു ജാക്ക് ഫ്രൂട്ട് ചലഞ്ജു .ചക്ക ഉപയോഗിച്ചുള്ള നാടൻ വിഭവങ്ങൾ തയ്യാറാക്കുക എന്നതായിരുന്നു മത്സരം. വ്യത്യസ്തമായ പല ചക്ക വിഭവങ്ങളും

തയ്യാറാക്കി അയൽക്കൂട്ടാംഗങ്ങൾ ഈ ചലഞ്ജിൽ മികച്ച പ്രകടനം കാഴ്ചവെച്ചു.

- സൈബർ ജാലകം

സംഘടന ശക്തിയായ അയൽക്കൂട്ട യോഗങ്ങൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി നടത്തിയ പ്രത്യേക അയൽക്കൂട്ട യോഗമായിരുന്നു സൈബർ ജാലകം. വാട്ട്സ് അപ്പ് ,ഗൂഗിൾ ഫോം തുടങ്ങിയ സാങ്കേതിക വിദ്യകളിലൂടെ നടത്തിയ ഓൺലൈൻ യോഗത്തിൽ അയൽക്കൂട്ടങ്ങളിൽ നിന്ന് 586 അംഗങ്ങൾ പങ്കെടുത്തു.

## മറ്റ് പ്രവർത്തനങ്ങൾ

കോവിഡ് മൂലം ഉണ്ടായ പ്രതിസന്ധി ഘട്ടത്തിലും നാടിന്റെ നന്മക്കായി കുടുംബശ്രീ അംഗങ്ങൾ ഒന്നിച്ചു..അഗതി കുടുംബങ്ങളിലെ അംഗങ്ങളെ വിളിച്ചു അവരുടെ വിഷമങ്ങളും ആവശ്യങ്ങളും ചോദിച്ചറിഞ്ഞു. പ്രായമായവർക്ക് മരുന്ന് എത്തിക്കാനും ഭക്ഷണം വേണ്ടവർക്ക് അത് എത്തിക്കാനും ആശ പ്രവർത്തകരോടൊപ്പം എ ഡി എസ് ഭാരവാഹികളും ശ്രദ്ധിച്ചു.പഞ്ചായത്ത് തലത്തിൽ സപ്ലൈകോ പാക്കിംഗ് ന് വേണ്ടി കുടുംബശ്രീ അംഗങ്ങൾ എത്തി.






# ഭാവി പ്രവർത്തനങ്ങൾ

കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനങ്ങൾ അവസാനിച്ച സാഹചര്യത്തിൽ ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിന്റെ  അവസാന ഘട്ടത്തിലാണ് സി ഡി എസ്സിപ്പോൾ .സ്ഥലം,മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ കണ്ടെത്തി കഴിഞ്ഞു. മെയ് അവസാനത്തോടെ ഹോട്ടലിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും എന്ന വിശ്വാസത്തിലാണിവർ..

ലോക്ക് ഡൌൺ ആയത് കൊണ്ട് അയൽക്കൂട്ട യോഗങ്ങൾ കൂടാൻ സാധിക്കാത്തത് അംഗങ്ങളെ വിഷമിപ്പിച്ചിരുന്നു. എന്നാൽ സൈബർ ജാലകം എന്ന ഓൺലൈൻ അയൽക്കൂട്ട യോഗങ്ങൾ അവരുടെ പുതിയ പ്രതീക്ഷയാണ്. എന്നിരുന്നാലും മാസ്ക് ഉപയോഗിച്ച് സാമൂഹിക അകലം പാലിച്ചുകൊണ്ടുള്ള യോഗങ്ങൾ തുടങ്ങുന്നതിനായുള്ള കാത്തിരുപ്പിലാണ് ഇവിടത്തെ അയൽക്കൂട്ടാംഗങ്ങൾ ...

ജീവിതത്തിലെ എല്ലാ പ്രതിസന്ധി ഘട്ടത്തിലും തളരാതെ നിന്നവരാണിവർ.നാടിനെ നടുക്കിയ വിപത്തിലും ഇവർ ഒന്നിച്ച തന്നെ നിൽക്കും,അതിജീവിക്കും...

തയ്യാറാക്കിയത്

അമ്മു ശശിധരൻ

ബ്ലോക്ക് കോ ഓർഡിനേറ്റർ

(ഓർഗനൈസേഷൻ )

കോതമംഗലം

Ph no:8281551455

മഞ്ജു സാബു

സി ഡി എസ്സ് ചെയർപേർസൺ

പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

Ph no:9446663054